
2023
MARCH
11
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO

## എച്ച്3എൻ2 ഇൻഫ്ലുവൻസ ബാധിച്ച 2 പേർ മരിച്ചു; ഇന്ത്യയിൽ ആദ്യം, കേസ് കൂടുന്നു



ന്യൂഡൽഹി: എച്ച്3എൻ2 വൈറസ് മൂലമുണ്ടായ ഇൻഫ്ലുവൻസ ബാധിച്ചുള്ള മരണങ്ങൾ രാജ്യത്ത് ആദ്യമായി റിപ്പോർട്ട് ചെയ്തു. ഹരിയാന, കർണാടക സംസ്ഥാനങ്ങളിൽ ഓരോരുത്തർ വീതമാണു മരിച്ചതെന്നു കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയിൽ ഇതുവരെ 90 പേർക്കാണ് എച്ച്3എൻ2 വൈറസ് ബാധയുണ്ടായത്. എച്ച്1എൻ1 വൈറസ് ബാധയുടെ 8 കേസുകളുമുണ്ടായി.

ഹോങ്കോങ് ഫ്ലു എന്നും പേരുള്ള എച്ച്3എൻ2 വൈറസ് ബാധ രാജ്യത്ത് കൂടുകയാണ്. കോവിഡിനു സമാനമായ ലക്ഷണങ്ങളാണ് എച്ച്3എൻ2, എച്ച്1എൻ1 എന്നിവയ്ക്കുമുള്ളത്. കോവിഡ് ഭീഷണിയിൽനിന്നു ലോകം മുക്തമായി വരുമ്പോഴാണ് ഇൻഫ്ലുവൻസ പടരുന്നത് എന്നത് ആശങ്കയുണ്ടാക്കുന്നു. മാർച്ച് അവസാനമോ ഏപ്രിൽ ആദ്യമോ താപനില ഉയരാൻ തുടങ്ങുമ്പോൾ ഈ സബ്ടൈപ്പ് വഴിയുള്ള രോഗബാധ കുറഞ്ഞേക്കാമെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്.

മറ്റ് ഇൻഫ്ലുവൻസ വൈറസുകളെ അപേക്ഷിച്ച് കൂടുതൽ ലക്ഷണങ്ങൾ കാണിക്കുന്നത് എച്ച്3എൻ2 വൈറസ് ആണെന്ന് ഗുരുഗ്രാമിലെ ഫോർട്ടിസ് മെമ്മോറിയൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഇന്റേണൽ മെഡിസിൻ തലവൻ ഡോ. സതീഷ് കൗളിനെ ഉദ്ധരിച്ച് ദേശീയമാധ്യമം റിപ്പോർട്ട് ചെയ്തു. ഇതു പുതിയ വകഭേദമല്ലെന്നും 1968ൽ ഹോങ്കോങ്ങിൽ വൻതോതിൽ രോഗബാധയ്ക്കു കാരണമായത് ഈ വൈറസ് ആണെന്നും ഡോക്ടർ കൂട്ടിച്ചേർത്തു.

## ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ നിരോധനം: കേന്ദ്രം കടുപ്പിക്കുന്നു



**ന്യൂഡൽഹി:** ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ നിരോധനം രാജ്യത്തു ഫലപ്രദമാക്കാൻ മാസംതോറും 4 ദിവസം പരിശോധനാ യജ്ഞം നടത്താൻ മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനങ്ങളോടു നിർദേശിച്ചു. പൊലീസിന്റെ കൂടി സഹായത്തോടെ എല്ലാമാസവും 25നു മുൻപു പരിശോധന നടത്താനും ഓഗസ്റ്റ് വരെ ഇതു തുടരാനുമാണു നി!ർദേശം.

വഴിയോര കച്ചവടക്കാർ, മൊത്ത വ്യാപര വിപണി, സംസ്ഥാനാന്തര അതിർത്തികളിലെ കടകൾ, വ്യവസായശാലകൾ, ബസ് ഡിപ്പോകൾ, റെയിൽവേ സ്റ്റേഷൻ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിൽ പരിശോധന വേണമെന്നാണു നിർദേശം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥർ വ്യവസായ യൂണിറ്റുകളിലും നഗരവികസന വകുപ്പ് വാണിജ്യസ്ഥാപനങ്ങളിലും പരിശോധന നടത്തണം.

പരിശോധനയ്ക്കുള്ള സംഘത്തെ മലിനീകരണ നിയന്ത്രണ ബോർഡും നഗരവികസന വകുപ്പും നിശ്ചയിക്കണം. ഒറ്റത്തവണ പ്ലാസ്റ്റിക് ഉപയോഗ നിരോധനവുമായി ബന്ധപ്പെട്ട ആപ്പിലേക്കു പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കണം. വീഴ്ച വരുത്തുന്നവർക്ക് എതിരെ സ്വീകരിച്ച നടപടികളെക്കുറിച്ചും റിപ്പോർട്ടിലുണ്ടാകണം എന്നീ നിർദേശങ്ങളോടെയാണു ബോർഡ് സംസ്ഥാനങ്ങൾക്കു കത്തു നൽകിയത്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ നിരോധനം കഴിഞ്ഞവർഷം ജൂലൈ മുതലാണ് രാജ്യത്തു പ്രാബല്യത്തിലായത്. മിഠായി സ്റ്റിക്, ഇയർ ബഡ്സിലെ സ്റ്റിക്, ഐസ്ക്രീം സ്റ്റിക്, മധുരപലഹാരങ്ങളും ക്ഷണക്കത്തും സിഗരറ്റ് പാക്കറ്റുകളും പൊതിയുന്ന പ്ലാസ്റ്റിക് ഫിലിം തുടങ്ങി ബലൂണിന്റെ പ്ലാസ്റ്റിക് സ്റ്റിക് വരെയുള്ളവയ്ക്കു രാജ്യത്തു നിരോധനമുണ്ട്.

## 50,000 ടൺ കൊപ്ര സംഭരിക്കാൻ കേരളത്തിന് അനുമതി



**കോഴിക്കോട്:** പുതിയ താങ്ങുവിലയനുസരിച്ചു സംസ്ഥാനത്ത് ഈ വർഷം കൊപ്രസംഭരണം നടത്താൻ കേന്ദ്രസർക്കാർ അനുമതി നൽകി. 6 മാസം കൊണ്ട് 50,000 ടൺ മിൽ കൊപ്ര സംഭരിക്കാനാണ് അനുമതി. കേന്ദ്രസർക്കാരിന്റെ സംഭരണ ഏജൻസിയായ നാഫെഡ് (നാഷനൽ അഗ്രിക്കൾ!ചറൽ കോ ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ) വഴിയാണു സംഭരണം. തുടങ്ങുന്ന തീയതി സംസ്ഥാന സർക്കാരിനു തീരുമാനിക്കാം.

ക്വിന്റലിനു 10860 രൂപയാണു മിൽ കൊപ്രയ്ക്കു കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില. അതേ സമയം, 8650 രൂപയാണ് ഇന്നലെ വടകര മാർക്കറ്റിൽ കൊപ്രയുടെ വില. വിപണിവിലയേക്കാൾ 2210 രൂപ അധികം സംഭരണത്തിലൂടെ ലഭിക്കുന്നതു കർഷകർക്ക് ആശ്വാസമാകും. എന്നാൽ, കഴിഞ്ഞ വർഷത്തെ മാതൃകയിലാണു സംഭരണമെങ്കിൽ താങ്ങുവിലയുടെ ഗുണം ലഭിക്കില്ലെന്ന ആശങ്ക കർഷകർക്കുണ്ട്. കഴിഞ്ഞ വർഷം 50,000 ടൺ സംഭരിക്കാൻ കേന്ദ്രം അനുമതി നൽകിയിരുന്നെങ്കിലും 8 മാസം കൊണ്ടു കേരളം സംഭരിച്ചത് 255 ടൺ കൊപ്ര മാത്രമാണ്.

ആവശ്യത്തിനു സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതായിരുന്നു പ്രശ്നം. കൊപ്രയിൽ നിന്ന് ഉൽപാദനം നടത്തുന്നവർക്കു സംഭരണത്തിന് അനുമതി നൽകില്ലെന്ന കേന്ദ്ര മാനദണ്ഡമാണു കേരളത്തിനു തിരിച്ചടിയായത്. കേരളത്തിലെ നോഡൽ ഏജൻസിയായ കേരഫെഡ് അതോടെ പുറത്തായി. വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന സഹകരണ സംഘങ്ങളും സംഭരണത്തിനു തയാറായില്ല.

മാർക്കറ്റ് ഫെഡിനു കീഴിലുള്ള 5 സഹകരണ സംഘങ്ങൾ വഴിയായിരുന്നു കേരളത്തിലെ സംഭരണം. അതേ സമയം, തമിഴ്നാട്ടിൽ കൃഷിവകുപ്പു നേരിട്ടു സംഭരണത്തിനിറങ്ങിയാണ് ഈ പ്രതിസന്ധി മറികടന്നത്. 40,000 ടൺ കൊപ്രയാണു കഴിഞ്ഞവർഷം തമിഴ്നാട് സംഭരിച്ചത്. തമിഴ്നാട് സബ്സിഡി ഇനത്തിൽ 80 കോടി രൂപ നേടിയപ്പോൾ കേരളത്തിനു ലഭിച്ചത് 40 ലക്ഷത്തോളം രൂപ മാത്രം.

ഉണ്ടക്കൊപ്രയുടെ വിലയും കുത്തനെ ഇടിയുകയാണെങ്കിലും മിൽ കൊപ്ര മാത്രം സംഭരിക്കാനാണു കേരളം അപേക്ഷ നൽകിയിരുന്നത്. ഉണ്ടക്കൊപ്ര സംഭരിക്കാനും നടപടി വേണമെന്ന് ആവശ്യമുയരുന്നുണ്ട്. ക്വിന്റലിന് 8300 രൂപയാണ് ഉണ്ടക്കൊപ്രയുടെ ഇന്നലത്തെ വില. കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില 11750 രൂപ. തമിഴ്നാട്ടിൽ മിൽ കൊപ്രയ്ക്കു പുറമേ 1000 ടൺ ഉണ്ടക്കൊപ്ര കൂടി സംഭരിക്കാൻ കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. കർണാടകയിൽ 54750 ടൺ ഉണ്ടക്കൊപ്ര സംഭരിക്കാനാണ് അനുമതി.

## വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ നടപടി

**ന്യൂഡൽഹി:** വേനലിൽ രാജ്യത്ത് വൈദ്യുതി പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ കൽക്കരി അധിഷ്ഠിത പ്ലാന്റുകൾ 16 മുതൽ പൂർണ ശേഷിയിൽ പ്രവർത്തിക്കാൻ കേന്ദ്രം നിർദേശം നൽകി. വൈദ്യുതി നിയമത്തിലെ 11 ാം വകുപ്പ് അനുസരിച്ചാണ് നടപടി. ലോഡ് ഷെഡിങ് ഉണ്ടാകരുതെന്ന് വൈദ്യുതി ഉൽപാദന കമ്പനികളോട് നിർദേശിച്ചു. മുൻവർഷങ്ങളിലെ കൽക്കരിക്ഷാമം മൂലമുള്ള പ്രതിസന്ധി ഒഴിവാക്കാനും നടപടികൾ ആരംഭിച്ചു. എല്ലാ കൽക്കരി പ്ലാന്റുകളും ആവശ്യത്തിന് സ്റ്റോക്ക് സൂക്ഷിക്കണം. കൽക്കരി കൊണ്ടുപോകാനുള്ള റെയിൽവേ റേക്കുകൾ ലഭ്യമാണെന്ന് ഇതുസംബന്ധിച്ച് കേന്ദ്രം വിളിച്ച യോഗത്തിൽ റെയിൽവേ വ്യക്തമാക്കി.



## ഭിന്നശേഷിക്കാർക്ക് എസ്.സി/എസ്.ടിക്ക് തുല്യമായ ഇളവുകൾ

കേരള കാർഷിക സർവ്വകലാശാലയിലെ എല്ലാ ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കും ഭിന്നശേഷിക്കാർക്ക് പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന അതേ ഇളവുകൾ ബാധകമാക്കി. പിഎച്ച്ഡി, പി.ജി, പി.ജി ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകൾ ഉൾപ്പെടെ എല്ലാ ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കും യോഗ്യതാ മാർക്ക്/ പ്രായം എന്നിവയിൽ പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന അതേ ഇളവുകൾ ബാധമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണിത്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഭിന്നശേഷി വിദ്യാർഥികൾക്ക് ഇത്തരം ഒരു ആനുകൂല്യം അനുവദിച്ച് ഒരു സർവ്വകലാശാല ഉത്തരവാകുന്നത്. ഉത്തരവിന്റെ പകർപ്പ് കൽപ്പിത, കേന്ദ്ര സർവ്വകലാശാലകൾ ഉൾപ്പെടെ കേരളത്തിലെ എല്ലാ സെക്രട്ടറിക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയച്ചു കൊടുക്കുന്നതിന് ഭിന്നശേഷി കമ്മീഷണർ എസ്.എച്ച് പഞ്ചാപകേശൻ ഉത്തരവിട്ടു.

### ദർഘാസ് ക്ഷണിച്ചു

കൊല്ലം ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലാ വാഹനം, കാര്യാലയ വാഹനം എന്നീ വിഭാഗങ്ങളിലായി കരാറടിസ്ഥാനത്തിൽ ഡ്രൈവറെ ഉൾപ്പെടെ വിട്ടു നൽകുന്നതിനായി വാഹന ഉടമകളിൽ നിന്ന് മുദ്ര വെച്ച ദർഘാസുകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04742766950, 8943346182.



# 88 കോടി ചെലവ്, 13.5 മീറ്റർ വീതി; മലയോര ഹൈവേ ഒന്നാം റീച്ച് അവസാനഘട്ടത്തിൽ

**ഏലപ്പാറ:** മലയോര ഹൈവേയുടെ ഒന്നാം റീച്ചിന്റെ നിർമാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്ക്. കുട്ടിക്കാനം മുതൽ ചപ്പാത്ത് വരെയുള്ള 18.3 കിലോമീറ്റർ ആണു വീതി കൂട്ടി നിർമിച്ചിരിക്കുന്നത്. ടാറിങ് പൂർത്തിയാക്കിയ ശേഷം റോഡ് മാർക്കിങ് ആണ് ഇപ്പോൾ നടക്കുന്നത്. കിഫ്ബിയിൽ നിന്ന് 88 കോടി രൂപ ചെലവഴിച്ച് 12 മുതൽ 13.5 മീറ്റർ വരെ വീതിയിലാണു റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിരിക്കുന്നത്.

ഇരുവശങ്ങളിലും നടപ്പാതയും ഐറിഷ് ഓടയും ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണഭിത്തികളും പണി കഴിപ്പിച്ചിട്ടുണ്ട്. 18.5 കിലോമീറ്ററിനുള്ളിൽ 91 കലുങ്കുകൾ നവീകരിച്ചു. കിഫ്ബിയുടെ മാനദണ്ഡപ്രകാരം വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പല ഘട്ടങ്ങളിലും വെല്ലുവിളി സൃഷ്ടിച്ചിരുന്നു.

എന്നാൽ ചർച്ചകൾ വഴി ഇവ പരിഹരിക്കുകയായിരുന്നു. രണ്ടാംഘട്ടത്തിൽ ചപ്പാത്ത് മുതൽ കട്ടപ്പന വരെയാണു മലയോര ഹൈവേ. ഇതിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും അവസാനഘട്ടത്തിലെത്തി. 2 മാസത്തിനുള്ളിൽ പണികൾ ആരംഭിച്ചേക്കും

## സീ അഷ്ടമുടി ടൂറിസം ബോട്ട് സർവീസിന് തുടക്കം

**കൊല്ലം:** ജില്ലയുടെ വിനോദസഞ്ചാര സാധ്യതകൾ വർധിപ്പിക്കുന്നതിന് കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുമെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ സീ അഷ്ടമുടി ടൂറിസം ബോട്ട് സർവീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു. ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് നൂതന പദ്ധതികൾ ആവിഷ്കരിക്കും. ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ജലഗതാഗതത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം ഭൂപടത്തിൽ ജില്ല നിർണായക സ്ഥാനം നേടുമെന്നും മന്ത്രി പറഞ്ഞു.

ഗതാഗതമന്ത്രി ആന്റണി രാജു അധ്യക്ഷനായി. എം മുകേഷ് എംഎൽഎ മുഖ്യാതിഥിയായി. സബ് കലക്ടർ മുകുന്ദ് ഠാക്കൂർ, കോർപറേഷൻ സ്ഥിര സമിതി അധ്യക്ഷ ഹണി ബെഞ്ചമിൻ, ജലഗതാഗത വകുപ്പ് ഡയറക്ടർ ഷാജി വി.നായർ, ട്രാഫിക് സൂപ്രണ്ട് സുജിത്ത് എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തിനു ശേഷം മന്ത്രിമാരുടെ സംഘവും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തേവള്ളി പാലം വരെ ബോട്ടിൽ യാത്ര നടത്തി.

കൊല്ലം സ്റ്റേഷനിൽ നിന്നു രാവിലെ 11.30ന് ആരംഭിച്ച് അഷ്ടമുടി, പെരിങ്ങാലം, പേഴുംതുരുത്ത് വഴി സാമ്പ്രാണിക്കൊടിയിലെത്തി ഒരു മണിക്കൂർ സമയം ദ്വീപ് സന്ദർശിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി വൈകിട്ട് 4.30നു തിരിച്ചെത്തുന്ന രീതിയിൽ അഞ്ചു മണിക്കൂർ ദൈർഘ്യമുള്ള യാത്രയാണ് ഒരുക്കിയിരിക്കുന്നത്.

# ചൂട് വില്ലനായി, നെല്ലിന് തൂക്കം കുറഞ്ഞു

**എടത്വ:** നാടിനെ പൊരിക്കുന്ന കനത്ത ചൂട് നെൽക്കർഷകർക്കും വിനയാകുന്നു. വേനൽ മഴ ചതിക്കുന്നതിനു മുന്പേ കൊയ്തെടുക്കാൻ കഴിഞ്ഞതിൻറെ സന്തോഷത്തിലായിരുന്ന കർഷകർക്കാണ് കനത്ത ചൂട് തിരിച്ചടിയായിരിക്കുന്നത്. വിളവെടുത്ത നെല്ലിൻറെ തൂക്കം കുറഞ്ഞതാണ് കർഷകരെ വിഷമത്തിലാക്കുന്നത്.കഴിഞ്ഞ പുഞ്ച കൃഷി സീസണിൽ മഴ ചതിച്ചപ്പോൾ ഇക്കുറി ചൂട് ചതിച്ചെന്നു കർഷകർ പറയുന്നു. വേനൽ മഴയുടെ ഭീഷണി ഒഴിവാക്കാൻ ഇത്തവണ നേരത്തെയാണ് വിതച്ചതും കൊയ്തതും. വിളവെടുത്ത നെല്ലിൻറെ അളവും തൂക്കവും കുറഞ്ഞിട്ടുണ്ട്.

പുഞ്ചകൃഷിയുടെ തുടക്കത്തിൽ ലഭിച്ച മഴ കതിരിടുന്ന സമയത്തു ലഭിക്കാതിരുന്നതാണ് തിരിച്ചടിയായതെന്നു കർഷകർ പറയുന്നു. വിളവെടുക്കുന്ന ഒട്ടുമിക്ക പാടങ്ങളിലും നെല്ല് കരിഞ്ഞുണങ്ങിയ നിലയിലാണ്. കഠിനമായ ചൂടിൽ കതിരിൽനിന്നു നെൽമണി അടർന്നു വീണും കർഷകർക്കു നഷ്ടം വരുന്നുണ്ട്.

മഴ ഭീഷണി ഇല്ലാത്തതിനാൽ ഈർപ്പത്തിൻറെ പേരിൽ മില്ലുടമകൾ കിഴിവ് ആവശ്യപ്പെട്ടില്ലെങ്കിലും നെല്ലിൻറെ തൂക്കക്കുറവ് തിരിച്ചടിയായി. പാട്ടത്തിനെടുത്തു കൃഷിയിറക്കിയ കർഷകർക്കാണ് വലിയ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. ക്ഷീരകർഷകർക്കു വേനൽക്കാല ഇൻസൻറീവ് നൽകുന്ന പോലെ നെൽക്കർഷകർക്കും ഇൻസെൻറീവ് നൽകണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്.

# നെൻമേനി ഗോവിന്ദമൂലച്ചിറ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നു

**കൽപ്പറ്റ:** നെൻമേനി പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള ഗോവിന്ദമൂലച്ചിറ വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ ഇടപെടലിനെത്തുടർന്ന് ഇവിടെ ബോട്ട് സവാരി അടക്കം പദ്ധതികൾക്ക് 76,15,000 രൂപയുടെ ഭരണാനുമതിയായി.

വിനോദസഞ്ചാര വകുപ്പിൻറെ ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തിയാണ് ചിറ ടൂറിസം കേന്ദ്രമാക്കുന്നത്. സുരക്ഷാ വേലി, കഫ്റ്റീരിയ, വിശ്രമകേന്ദ്രം, കയാക്കിംഗ്, ടെൻറുകൾ, മീൻപിടിത്തത്തിനുള്ള ഇടം, കുട്ടികളുടെ പാർക്ക്, ട്രക്കിംഗ് ഉപാധികൾ, സിമൻറ് ബഞ്ചുകൾ, നടപ്പാത, വൈദ്യുത അലങ്കാരങ്ങൾ തുടങ്ങിയവ തുടങ്ങിയവ ചിറയിവും പരിസരത്തുമായി ഒരുക്കും. ദിനേന നിരവധി സഞ്ചാരികൾ എത്തുന്ന എടക്കൽ ഗുഹയ്ക്ക് സമീപമാണ് ഗോവിന്ദമൂലച്ചിറ. ഗുഹാ പരിസരത്ത് മൂന്നേക്കറിൽ സഞ്ചാരികളുടെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നീക്കം നടത്തിവരികയാണ്. എടക്കൽ ഗുഹ, ഗോവിന്ദമൂലച്ചിറ, എഴുത്തുപാറ, തൊവരിമല എന്നിവയുൾപ്പെടുത്തി ടൂറിസം കോറിഡോറും ആലോചനയിലുണ്ട്. കൂടുതൽ തൊഴിൽ അവസരവും വരുമാനവുമാണ് പഞ്ചായത്ത് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് പ്രസിഡൻറ് ഷീല പുഞ്ചവയൽ, വൈസ് പ്രസിഡൻറ് ടിജി ചെറുതോട്ടിൽ എന്നിവർ പറഞ്ഞു.

## വയനാട് മെഡിക്കൽ കോളജിൽ ഒഴിവുകൾ

വയനാട്, സർക്കാർ മെഡിക്കൽ കോളജിൽ വിവിധ വകുപ്പുകളിലായി ജൂനിയർ റസിഡന്റ്, ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ എന്നീ തസ്തികകളിലുള്ള ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക്, 45,000 രൂപ പ്രതിമാസ വേതനത്തിൽ നിയമനം നടത്തുന്നു. എം.ബി.ബി.എസ് യോഗ്യതയും ടി.സി.എം.സി/കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഏപ്രിൽ നാലിനു രാവില 11ന് വയനാട് സർക്കാർ മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന്റെ ഓഫിസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.



# ജൈവമാലിന്യം കുന്നുകൂടി പാറക്കടവ്, വട്ടവടയിൽ തള്ളുന്നത് പുഴയോരത്ത്

**ഇടുക്കി:** കോലാനിക്കു സമീപം പാറക്കടവിലുള്ള തൊടുപുഴ നഗരസഭയുടെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ആരംഭകാലം മുതലുള്ള ജൈവമാലിന്യങ്ങൾ കുന്നുകൂടി കിടക്കുകയാണ്. 1 ഏക്കർ 20 സെന്റ് സ്ഥലത്തായി 26,000 എംക്യൂബ് മാലിന്യമാണ് ഉള്ളത്. ബയോമൈനിങ് നടത്തി മാലിന്യങ്ങൾ സംസ്കരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നു അധികൃതർ പറഞ്ഞു.



കെട്ടിക്കിടക്കുന്ന മാലിന്യം ശാസ്ത്രീയമായി വേർതിരിച്ചെടുത്ത് സംസ്കരിക്കുന്ന പ്രക്രിയയാണ് ബയോമൈനിങ്. ഇത്രയും മാലിന്യം നീക്കം ചെയ്യുന്നതിന് 3 കോടി രൂപ ചെലവാണ് കണക്കാക്കുന്നത്. ഇവിടെ ജൈവമാലിന്യ സംസ്കരണത്തിന് ആധുനിക പ്ലാന്റ് നിർമിക്കാനുള്ള നടപടികളും പുരോഗമിക്കുന്നതായി അധികൃതർ പറയുന്നു.

മണ്ണുത്തി കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത 'ഇ എം സൊലൂഷൻ' മാലിന്യങ്ങളിൽ തളിക്കുന്നതിനാൽ കാര്യമായ ദുർഗന്ധമില്ല. ഹരിതകർമ സേന ശേഖരിക്കുന്ന കുപ്പിച്ചില്ല്, പ്ലാസ്റ്റിക്, മറ്റ് അജൈവ പാഴ്വസ്തുക്കൾ എന്നിവ സൂക്ഷിക്കുന്നതിനായി ഒരു എംസിഎഫും ഇവിടെയുണ്ട്.

കൃത്യമായ ഇടവേളകളിൽ ഇത്തരം മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നുണ്ടെന്ന് അധികൃതർ പറഞ്ഞു. കഴിഞ്ഞവർഷം 40 ടൺ കുപ്പിച്ചില്ല് ഇവിടെ നിന്നു നീക്കം ചെയ്തിരുന്നു. വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നല്ലൊരു ശതമാനം പേരും ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനാൽ ഇപ്പോൾ സംസ്കരണ കേന്ദ്രത്തിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവിൽ കുറവുണ്ടെന്നു അധികൃതർ പറയുന്നു.

സംസ്ഥാനത്തെ തന്നെ ഏറ്റവും പിന്നാക്ക പഞ്ചായത്തായ വട്ടവടയിൽ നാളിതുവരെയായിട്ടും മാലിന്യ സംസ്കരണ സംവിധാനങ്ങളില്ല. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളായ വട്ടവട, കോവിലൂർ, കൊട്ടാക്കമ്പൂർ എന്നിവടങ്ങളിൽ നിന്നും പഞ്ചായത്ത് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും വിവിധ പുഴയോരങ്ങളിൽ തള്ളുകയാണ് ചെയ്യുന്നത്. വട്ടവടയിൽ നിന്നു ശേഖരിക്കുന്നവ ഊർക്കാട് അടുത്തുള്ള ഞാവലാർ ,കോവിലൂരിൽ നിന്നു ശേഖരിക്കുന്നവ ഇടമണൽ പുഴ, കൊട്ടാക്കമ്പൂരിൽ നിന്നു ശേഖരിക്കുന്നവ ശ്മശാനത്തിനു സമീപമുള്ള തോട്ടിലുമാണ് തള്ളുന്നത്.

പുഴകളിൽ മാലിന്യങ്ങൾ തള്ളുന്നതിനെതിരെ ഹരിത ട്രൈബ്യൂണൽ കർശന നിയന്ത്രണങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതെല്ലാം അവഗണിച്ചാണ് ഇവ പുഴയിലും പരിസരങ്ങളിലുമായി തള്ളുന്നത്. പഞ്ചായത്തിന് നാളിതുവരെയായിട്ടും ഒരു പൊതു സംസ്കരണ സംവിധാനമൊരുക്കാനായിട്ടില്ല.ഇതു കൂടാതെ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നിന്നുള്ള ആശുപത്രി മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ലോഡ് കണക്കിന് മാലിന്യങ്ങൾ വട്ടവടയിലെത്തിച്ച് കത്തിക്കുന്നതും പതിവാണ്.

മാങ്കുളത്ത് മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഇതോടെ വിവിധ ഇടങ്ങളിൽ ഉദ്ഘാടനം ചെയ്യാതെ കിടക്കുന്ന ത്രിതല പഞ്ചായത്ത് കെട്ടിടങ്ങളും പരിസര പ്രദേശങ്ങളും മാലിന്യങ്ങൾ കൊണ്ട് നിറയുകയാണ്. പഞ്ചായത്ത് വില്ലേജ്, പ്രാഥമിക ആരോഗ്യ കേന്ദ്രം ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സമീപം മുൻ എംഎൽഎ സൈമൺ ബ്രിട്ടോയുടെ പ്രാദേശിക വികസന ഫണ്ടിൽ പെടുത്തി ആയുർവേദ ഡിസ്പെൻസറിക്കു വേണ്ടി നിർമിച്ച കെട്ടിടവും ഇപ്പോൾ മാലിന്യം തള്ളൽ കേന്ദ്രമായി മാറുകയാണ്.വേനൽ കടുത്ത സാഹചര്യത്തിൽ ഇവിടെ നിന്നു മാലിന്യം നീക്കം ചെയ്തില്ലെങ്കിൽ അഗ്നിബാധയ്ക്കും മറ്റും കാരണമാകും എന്ന ആശങ്കയും നാട്ടുകാർക്കുണ്ട്.

കട്ടപ്പന നഗരസഭാ മേഖലയിലെ മാലിന്യം തള്ളുന്ന പുളിയൻമലയ്ക്കു സമീപത്തെ സ്ഥലത്ത് മാലിന്യം കുമിഞ്ഞുകൂടി കിടക്കുകയാണ്. ആധുനിക അറവുശാലയ്ക്കു സമീപമാണ് മാലിന്യം തള്ളുന്ന സ്ഥലമെന്നതിനാൽ പലപ്പോഴും ഇവിടെ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.വർഷങ്ങളായി തള്ളിയിരിക്കുന്ന മാലിന്യം ഇവിടെ മലപോലെ കുന്നുകൂടി കിടക്കുകയാണ്. ഇതിനു സമീപം 2017ൽ ആരംഭിച്ച പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുമുണ്ട്. മാലിന്യം കുന്നുകൂടിയതിനെത്തുടർന്ന് ഈ കെട്ടിടത്തിന്റെ ഒരുഭാഗം ഏതാനും വർഷം മുൻപ് മഴക്കാലത്ത് ഇടിഞ്ഞു വീഴുകയും ചെയ്തു.

നിലവിൽ പ്ലാസ്റ്റിക്കുകളും മറ്റും വേർതിരിച്ച് ഇവിടെ വച്ചിട്ടുണ്ടെങ്കിലും കുന്നുകൂടിയ മാലിന്യത്തിന്റെ ചെറിയൊരുഭാഗം മാത്രമാണ് ഇത്തരത്തിൽ നീക്കാനായിട്ടുള്ളത്. വേനൽക്കാലത്തുപോലും ദുർഗന്ധം വമിക്കുന്ന ഇവിടേക്ക് മഴക്കാലത്ത് അടുക്കാൻപോലും കഴിയില്ല. ഇതിനു മുകൾഭാഗത്തെ കെട്ടിടത്തിലാണ് അറവുശാല പ്രവർത്തിക്കുന്നത്. ഇവിടെ നിന്നുള്ള മാലിന്യം പുറത്തേക്ക് ഒഴുകുന്നതും മറ്റും പലപ്പോഴും പ്രതിഷേധങ്ങൾക്കു കാരണമായിട്ടുണ്ട്. സമീപത്തെ കൃഷിയിടങ്ങളിലേക്കും മറ്റും ഇവ എത്തുന്നതാണ് പ്രദേശവാസികളുടെ എതിർപ്പിനു കാരണമാകുന്നത്.

## രാജ്യത്ത് ലഭ്യമാകുന്ന എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയെന്ന് മന്ത്രി പി. രാജീവ്

**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തവും തുടർന്നുണ്ടായ പുകയും അണയ്ക്കുന്നതിന് രാജ്യത്ത് ലഭ്യമാകുന്ന എല്ലാ സംവിധാനങ്ങളും സർക്കാർ ഏർപ്പെടുത്തിയെന്ന് മന്ത്രി പി. രാജീവ്. സർവകലാശാലകൾ, മാലിന്യ സംസ്കരണ വിദഗ്ധർ തുടങ്ങി ലഭ്യമായ വിദഗ്ധരുടെയെല്ലാം അഭിപ്രായം ഏകോപിപ്പിച്ച് കൃത്യമായാണ് പദ്ധതി നടപ്പാക്കിയത്. നേരത്തേ മൂന്ന് തവണ തീപിടിത്തമുണ്ടായപ്പോഴും നാല് ദിവസങ്ങൾക്കുള്ളിൽ അണഞ്ഞു. എന്നാൽ ഇത്തവണ അത് ഒൻപത് ദിവസം വരെ നീണ്ടു. തുടർന്ന് സർക്കാരിന്റെ സജീവമായ ഇടപെടലുണ്ടായി. മന്ത്രിമാരുടെ നേതൃത്വത്തിൽ ഏകോപന സംവിധാനമുണ്ടാക്കി. തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. അഗ്നി രക്ഷാ സേനയുടെ നേതൃത്വത്തിൽ മാലിന്യക്കൂമ്പാരം ഇളക്കി അകത്തേക്ക് വെള്ളം പമ്പ് ചെയ്യുന്ന പ്രവർത്തനങ്ങൾ രാവും പകലും നടത്തി. 55 എസ്കവേറ്ററുകളാണ് ഇതിനായി ഉപയോഗിച്ചത്. നേവിയുടെയും വ്യോമസേനയുടെയും സേവനം പ്രയോജനപ്പെടുത്തി.




ജില്ലാ കളക്ടർ ചുമതലയേറ്റ ശേഷം ഉടൻ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. രാത്രിയിൽ സബ് കളക്ടറുടെയും ഡെപ്യൂട്ടി കളക്ടറുടെയും നേതൃത്വത്തിൽ സ്ഥലത്ത് ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾ തുടർന്നു. ഇതേ തുടർന്ന് നിലവിൽ 80% ഭാഗത്തെയും പുക ശമിപ്പിക്കാനായി. ഫയർ ആന്റ് റെസ്ക്യൂവിന്റെയും സിവിൽ ഡിഫൻസിന്റെയും കോർപ്പറേഷൻ ജീവനക്കാരുടെയും എസ്കവേറ്റർ ഡ്രൈവർമാരുടെയും വിശ്രമമില്ലാത്ത പ്രവർത്തനമാണ് നടക്കുന്നത്. എട്ട് സെക്ടറുകളായി തിരിഞ്ഞാണ് പുക അണയ്ക്കൽ. ഇനി മൂന്ന് സ്ഥലത്താണ് പുക അണയ്ക്കാനുള്ളത്. ഇതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ബ്രഹ്മപുരത്ത് നിന്നുയരുന്ന പുകയെ തുടർന്ന് ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്താൻ ഒൻപത് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. രണ്ട് കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നു. മരുന്നുകൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. ബ്രഹ്മപുരത്തേക്ക് പ്ലാസ്റ്റിക് കൊണ്ടുപോകരുതെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഒഴികെയുള്ള മാലിന്യനീക്കം ആരംഭിച്ചിട്ടുണ്ട്.

തീപിടിത്തവുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം നടക്കുകയാണ്. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ വിപുലമായ അന്വേഷണം നടത്തണമെങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കും. ബ്രഹ്മപുരത്തു നിന്നുയരുന്ന പുക ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഏജൻസിയെക്കൊണ്ട് പഠനം നടത്തുന്നത് പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

## ബ്രഹ്മപുരം തീപിടിത്തം: മന്ത്രിതല യോഗം ചേർന്നു

ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപിടിത്തവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിന് മന്ത്രിമാരായ എം.ബി. രാജേഷ്, പി. രാജീവ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, എംപിമാരായ ഹൈബി ഈഡൻ, ബെന്നി ബഹനാൻ, മേയർ എം. അനിൽ കുമാർ, എംഎൽഎമാരായ പി.വി. ശ്രീനിജിൻ, എൽദോസ് കുന്നപ്പിള്ളി, ടി.ജെ. വിനോദ്, അനൂപ് ജേക്കബ്, കെ.ബാബു, കെ.ജെ. മാക്സി, അൻവർ സാദത്ത്, റോജി എം. ജോൺ, ഉമ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ, റൂറൽ എസ് പി വിവേക് കുമാർ, സബ് കളക്ടർ പി. വിഷ്ണു രാജ്, എഡിഎം എസ്. ഷാജഹാൻ, ആലുവ നഗരസഭ ചെയർമാൻ എം.ഒ. ജോൺ, വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ബ്രഹ്മപുരം ആവർത്തിക്കില്ല

## ജില്ലയെ ശുചിത്വ നഗരമാക്കാനുള്ള സമഗ്ര വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയുമായി സർക്കാർ



**എറണാകുളം:** ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കർമ്മ പദ്ധതിയുമായി സർക്കാർ. ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിലാണ് അടിയന്തരമായി പദ്ധതി ജില്ലയിൽ നടപ്പാക്കുന്നത്. മൂന്ന് മാസത്തോളം നീണ്ടു നിൽക്കുന്ന ഏഴിന കർമ്മ പദ്ധതിയുടെ ഭാഗമായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. കോടതി ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിലാണ് സമയക്രമം നിശ്ചയിച്ചത്. ബ്രഹ്മപുരം പ്ലാന്റിലേക്ക് മാലിന്യമെത്തുന്നത് കുറക്കുകയാണ് ലക്ഷ്യം. പ്ലാന്റിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടു വരുന്നത് നിരോധിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി പുതിയ നിയമങ്ങൾ കൊണ്ടു വരുന്നതിന് പകരം നിലവിലുള്ള നിയമങ്ങൾ ശക്തമാക്കിയാണ് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇത് ലംഘിക്കുന്നവർക്കെതിരെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് നിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിക്കാനാണ് തീരുമാനം.

ഏപ്രിൽ പത്തിനകം മഴുവൻ വീടുകളിലും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ മാലിന്യമുക്തമായി പ്രഖ്യാപിക്കാനാണ് തീരുമാനം.

ഇനി ഒരു ബ്രഹ്മപുരം ആവർത്തിക്കരുതെന്നും ഇതിനായി കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

ബ്രഹ്മപുരം തീപിടിത്തവുമായി ബന്ധപ്പെട്ട് നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മന്ത്രി പി. രാജീവ്. ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്ന് കളക്ടറേറ്റിൽ നടന്ന വിവിധ യോഗങ്ങൾക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. അഞ്ചു മീറ്ററോളം അടിയിലേക്ക് തീ പടർന്നതു കൊണ്ടാണ് പ്രതീക്ഷിച്ച വേഗതയിൽ തീയണയ്ക്കാൻ കഴിയാതെ പോയത്. എന്നാൽ എത്രയും വേഗം പുക അണയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശ്രമമില്ലാതെ തുടരുകയാണ്.

ആരോഗ്യപ്രശ്നങ്ങളും ചർച്ച ചെയ്തു. ഐഎംഎ അംഗങ്ങളുടെയും സ്വകാര്യ ആശുപത്രി പ്രതിനിധികളുടെയും യോഗം ചേർന്നു. 678 പേരാണ് ചികിത്സ തേടിയത്. 421 പേരും ആരോഗ്യവകുപ്പ് സംഘടിപ്പിച്ച ക്യാമ്പുകളിലെത്തിയവരാണ്. ഇതിൽ ഫയർ ആന്റ് റെസ്ക്യൂ, കെഎസ്ഇബി, പോലീസ് തീയണയ്ക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെല്ലാം ക്യാമ്പിന്റെ ഭാഗമായി വന്നിട്ടുണ്ട്. 17 പേർ മാത്രമാണ് ഇൻപേഷ്യന്റ് ആയി വന്നത്. രണ്ട് പേരാണ് ഐസിയുവിന്റെ സഹായം തേടിയത്. ഇവരുടെ സ്ഥിതി തൃപ്തികരമാണ്. പൊതുവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നാണ് ആരോഗ്യപ്രവർത്തകരുടെ വിലയിരുത്തൽ. എന്നാൽ ഏത് സാഹചര്യവും നേരിടാൻ സർക്കാർ സജ്ജമാണ്. സ്മോക്ക് ഐസിയുകൾ തുറന്നിട്ടുണ്ട്. രണ്ട് കൺട്രോൾ റൂമുകളും തുടങ്ങി. ആവശ്യമെങ്കിൽ കൂടുതൽ മെഡിക്കൽ ക്യാംപുകൾ ആരംഭിക്കാൻ നിർദേശം നൽകി.

മാലിന്യ സംസ്കരണം അടിസ്ഥാനമാക്കിയുള്ള വികേന്ദ്രീകൃത സംസ്കരണ പദ്ധതി ഏലൂർ നഗരസഭയിൽ നടപ്പാക്കുന്നുണ്ട്. ഈ രീതിയിൽ എല്ലായിടത്തും പദ്ധതി പ്രാവർത്തികമാക്കും. പരിഷ്കൃത സമൂഹത്തിന് യോജിക്കുന്ന വിധത്തിലല്ല മാലിന്യത്തോടുള്ള നിലവിലെ സമീപനമെന്നും ഈ രീതി മാറണമെന്നും മന്ത്രി പറഞ്ഞു.



## മാർത്താണ്ഡം കായൽ പാടശേഖരം: നെല്ലെടുക്കാതെ മില്ലുടമകൾ

**ആലപ്പുഴ:** മൂന്നു ദിവസം തുടർച്ചയായി കൊയ്ത നെല്ല് മാർത്താണ്ഡം കായൽ പാടശേഖരത്ത് കൂട്ടിയിട്ടത് സംഭരിക്കാതെ മില്ലുടമകൾ പിൻവലിഞ്ഞു. കൃഷി ഉദ്യോഗസ്ഥർ ഇടപെട്ടിട്ടും മില്ലുടമകൾ നെല്ല് സംഭരിക്കാൻ തയാറാകുന്നില്ല. മാർത്താണ്ഡം കായലിലേക്ക് മാത്രം 3 മില്ലുടമകളെ നിയോഗിച്ച സിവിൽ സപ്ലൈസ് വകുപ്പ്, പ്രശ്നത്തിൽ ഇടപെടുന്നില്ലെന്നും കർഷകർ ആരോപിച്ചു.

കൊയ്ത്ത് തുടങ്ങിയ 8 ന് മില്ലുടമകളുടെ ഏജന്റുമാരെത്തി ഓരോ സ്ഥലത്തുനിന്നും സാംപിൾ നെല്ല് കൊണ്ടുപോയി. ഇത് ലാബിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പതിര്, ഇട പതിര്, കറവൽ, നിറവ്യത്യാസം, ഈർപ്പം എന്നിവ മാനദണ്ഡ പ്രകാരമുള്ളതിൽ കൂടുതലാണെന്നും കിഴിവ് കൊടുക്കേണ്ടിവരുമെന്നും അധികൃതർ കർഷകരെ ഇന്നലെ അറിയിച്ചു.

അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ വരുന്ന ഓരോ പോയിന്റിനും ഓരോ കിലോ നെല്ല് കിഴിവ് എന്നാണ് മില്ലുടമകളുടെ ആവശ്യം.അങ്ങനെ വന്നാൽ 100 കിലോ നെല്ല് തൂക്കുമ്പോൾ 18 കിലോ നെല്ലുവരെ കിഴിവ് നൽകേണ്ടി വരുമെന്നാണ് കർഷകരെ അറിയിച്ചത്.എന്നാൽ ഇത്തവണത്തെ നെല്ല് ലാബ് പരിശോധനയിൽ പോലും മോശമാണെന്നു കണ്ടെത്താൻ കഴിയില്ലെന്നു കർഷകർ തറപ്പിച്ചു പറയുന്നു.

ഇപ്പോൾ അനുകൂല കാലാവസ്ഥ ആണെങ്കിലും അന്തരീക്ഷം മാറിയാൽ കൊയ്ത്ത് പാളും. ആ അവസരം മുതലെടുത്ത് കർഷകരെ സമ്മർദത്തിലാക്കി തൂക്കത്തിൽ കിഴിവ് വാങ്ങിയെടുക്കാൻ മില്ലുടമകൾ നടത്തുന്ന നീക്കങ്ങൾക്ക് അധികൃതർ കൂട്ടുനിൽക്കുകയാണെന്നു കർഷകർ ആരോപിച്ചു.

## ചെറുകിടസംരംഭകർക്കും അവരുടെ വ്യവസായങ്ങൾക്കും പ്രോത്സാഹനം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധം; മന്ത്രി റോഷി അഗസ്റ്റിൻ

ചെറുകിട സംരംഭകരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും അവരുടെ വ്യവസായങ്ങൾക്ക് ആവശ്യമായ ഉത്തേജനം നൽകാനും സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ജില്ലാ വ്യവസായകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കട്ടപ്പനയിൽ സംഘടിപ്പിച്ച ജില്ലാതല വ്യവസായനിക്ഷേപകസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിക്ഷേപകസംഗമത്തിലെ എന്റെ സംരംഭം നാടിന്റെ അഭിമാനം എന്ന സന്ദേശം ശ്രദ്ധേയമാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ വ്യാവസായിക മേഖലയിൽ ഏറ്റവും ഗുണപരമായ മാറ്റം സംഭവിച്ചിരിക്കുന്നു. വ്യവസായസൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സംസ്ഥാനത്തിനു കഴിഞ്ഞു. സംരംഭകരെ രൂപപ്പെടുത്തുന്നതിനൊപ്പം അവർ ആരംഭിച്ച സംരംഭങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കാനും സർക്കാർ മുന്നിലുണ്ട്. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സംരംഭങ്ങളെ കാർഷികമേഖലയുമായി കുറേക്കൂടി ബന്ധിപ്പിച്ചുകൊണ്ടുപോകാൻ കഴിയണം. നിർത്തലാക്കപ്പെട്ട പല സംരംഭങ്ങളും ഏറ്റെടുത്ത് മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് സർക്കാർ തെളിയിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരുടെ നൂതനാശയങ്ങളും നിക്ഷേപസാധ്യതകളും ചർച്ചചെയ്യുന്നതിനും സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നവർ നിർബന്ധമായും നേടേണ്ട ലൈസൻസുകളെയും മറ്റും സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമാണ് ജില്ലാതല നിക്ഷേപകസംഗമം സംഘടിപ്പിച്ചത്.കട്ടപ്പന സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയതി നടന്ന ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സി. ജയ അധ്യക്ഷത വഹിച്ചു.



## വനിത ചലച്ചിത്ര മേള : ഓൺലൈൻ രജിസ്ട്രേഷൻ

**ആലപ്പുഴ:** മേളയുടെ ഓൺലൈൻ രജിസ്ട്രേഷൻ https://registration.iffk.in/ സൈറ്റിലൂടെയാണ് രജിസ്റ്റർ ചെയ്യേത്. പൊതുജനങ്ങൾക്ക് 300 രൂപയും വിദ്യാർഥികൾക്ക് 150 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്റ്റർ ചെയ്യുന്നവർക്ക് എല്ലാ സിനിമകളും കാണുന്നതിന് അവസരമു്.കൈരളി, ശ്രീ തീയറ്ററുകളിലായി 17,18,19 തിയതികളിലായാണ് മേള നടക്കുന്നത്. ഇന്റർനാഷണൽ, ഇന്ത്യൻ, മലയാളം വിഭാഗങ്ങളിലായി 25 ഓളം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന മേളയിൽ ആയിരത്തിലേറെ പ്രതിനിധികളെയാണ് പ്രതീക്ഷിക്കുന്നത്.ചലച്ചിത്ര മേളയുടെ പോസ്റ്റർ പ്രകാശനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു. വഴിച്ചേരി പ്രൈവറ്റ് ബസ്റ്റാൻഡിൽ പോസ്റ്റർ പതിപ്പിച്ചുകൊാണ് പ്രകാശനം ചെയ്തത്. ചലച്ചിത്ര പ്രവർത്തകയും ചലച്ചിത്ര അക്കാദമി ജനറൽ കൗൺസിൽ അംഗവുമായ കുക്കു പരമേശ്വരൻ, ജെൻഡർ കൗൺസിൽ അംഗം ബിച്ചു എക്സ്. മലയിൽ, സിനിമ ആർട്ടിസ്റ്റ് ഉഷ ഹസീന, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാഗേഷ്, കയർ ക്ഷേമനിധി ബോർഡ് സി.ഇ.ഒ. എം. മഞ്ജു, ജില്ല പഞ്ചായത്ത് അംഗം ആർ. റിയാസ്, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) എച്ച്. ഷാജി തുടങ്ങിയവർ പങ്കെടുത്തു.

## ചിത്രരചന മത്സരം

**ആലപ്പുഴ:** പരിസ്ഥിതി സൗഹൃദ പഞ്ചായത്ത് എന്ന വിഷയത്തെ അടിസ്ഥാനമാക്കി ആർ.ജി.എസ്.എ.യുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മാർച്ച് 18ന് രാവിലെ 9.30 മുതൽ വരക്കുട്ടം ചിത്രരചന മത്സരം നടത്തുന്നു. പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ അഞ്ച് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്നവർക്കാണ് അവസരം. ആലപ്പുഴ ജവഹർ ബാലഭവനിലാണ് മത്സരം. മാർച്ച് 15 മുതൽ പേര് രജിസ്റ്റർ ചെയ്യാം. ഒന്നാം സമ്മാനമായി 5000 രൂപയും രാം സമ്മാനമായി 3000 രൂപയും ലഭിക്കും. സ്കൂളിൽ നിന്നുള്ള തിരിച്ചറിയൽ രേഖയോ ഹെഡ്മാസ്റ്ററുടെ കത്തോ സഹിതം വേണം എത്താൻ. ഫോൺ: 7356275661, 7989067657. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: https://tinyurl.com/yf8pa572

## ക്വട്ടേഷൻ

**ആലപ്പുഴ:** ബുക്ക് ഡിപ്പോയിൽ നിന്നും ജില്ലയിലെ വിവിധ സ്കൂൾ സൊസൈറ്റികളിലേയ്ക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. 18 ന് വൈകിട്ട് നാലിനകം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നൽകണം. ഫോൺ: 04772254104, 9567510540.

## ക്വട്ടേഷൻ

**ആലപ്പുഴ:** ജനറൽ ആശുപത്രിയിലേക്ക് ഇ.സി.ജി. പേപ്പർ, മെഡിസിൻ കവർ/റ്റി.റ്റി. കവർ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഇ.സി.ജി. പേപ്പർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ മാർച്ച് 21ന് ഉച്ചക്ക് 12 വരെയും മെഡിസിൻ കവർ/റ്റി.റ്റി. കവർ എന്നിവ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ മാർച്ച് 23ന് ഉച്ചക്ക് 1 വരെയും സൂപ്രണ്ട്, ജനറൽ ആശുപത്രി, ആലപ്പുഴ എന്ന വിലാസത്തിൽ നൽകാം. ഫോൺ: 0477 2253324.

# ബ്രഹ്മപുരം മാലിന്യ പ്ലാന്റ് തീപിടുത്തം: 80 ശതമാനം പുകയൽ പരിഹരിച്ചുവെന്ന് മന്ത്രിമാർ

**കൊച്ചി**: ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പ്ലാസ്റ്റിക്ക് മാലിന്യത്തിലെ 80 ശതമാനം തീയും പുകയും അണയ്ക്കാൻ കഴിഞ്ഞതായി മന്ത്രിമാരായ പി.രാജീവ്, എം.ബി രാജേഷ് എന്നിവർ പറഞ്ഞു. പുക അണയ്ക്കലിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ബ്രഹ്മപുരത്ത് എത്തിയതായിരുന്നു ഇരുവരും. ഉടൻതന്നെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ കഴിയും. തീയും പുകയും അണയ്ക്കാൻ മനുഷ്യസാധ്യമായ എല്ലാ പ്രവർത്തനങ്ങളും സർക്കാർ ചെയ്തിട്ടുണ്ടെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പരിശ്രമിക്കുകയാണ്. ചില സ്ഥലങ്ങളിൽ ആറടിയോളം താഴ്ചയിൽ മാലിന്യത്തിൽ നിന്ന് തീ പുകയുന്നുണ്ട്. അത് നിയന്ത്രിക്കാനാണ് ശ്രമം. ബ്രഹ്മപുരത്തേക്ക് ഇനി പ്ലാസ്റ്റിക് മാലിന്യങ്ങൾ അനുവദിക്കില്ലെന്നും മന്ത്രിമാർ അറിയിച്ചു.മേയർ എം. അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ തുടങ്ങിയവരോട് ഇതുവരെ സ്വീകരിച്ച നടപടികളും പുരോഗതിയും ചർച്ച ചെയ്തു. തുടർന്ന് പുകയണയ്ക്കുന്ന ഭാഗങ്ങൾ . മന്ത്രിമാർ സന്ദർശിച്ചു.പി.വി ശ്രീനിജിൻ എം എൽ എ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, സബ് കളക്ടർ



പി.വി ഷ്ണുരാജ്, വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ,മറ്റു ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി

# ഗ്രേസ്മാർക്ക് പുന:സ്ഥാപിക്കാൻ ക്രമീകരണങ്ങൾ വരുത്തും: മന്ത്രി വി. ശിവൻകുട്ടി

**ആലപ്പുഴ:** രണ്ടുവർഷമായി നിർത്തിവെച്ച എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി ഗ്രേസ് മാർക്ക് ഈ വർഷം മുതൽ ക്രമീകരണങ്ങളോടെ പുന:സ്ഥാപിക്കുമെന്ന് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. ചെങ്ങന്നൂർ അങ്ങാടിക്കൽ തെക്ക് ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളം നടത്തിയ കുതിച്ചു ചാട്ടത്തിന് സമാനതകളില്ലെന്ന് മന്ത്രി ശിവൻകുട്ടി പറഞ്ഞു. കഴിഞ്ഞ ഏഴ് വർഷം കൊണ്ട് 3000 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനമാണ് സംസ്ഥാന സർക്കാർ നടത്തിയത്.പുതിയ സ്കൂൾ കെട്ടിടങ്ങൾ, ഹൈടെക് ക്ലാസ്, ലാബ്, ലൈബ്രറി തുടങ്ങിയവയ്ക്ക് വലിയ പ്രാധാന്യമാണ് സർക്കാർ നൽകിയത്. രാജ്യാന്തര നിലവാരമുള്ള സേവനങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം.ഇതിനൊപ്പം അക്കാദമിക നിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങളും നടത്തുന്നു. സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവയൊക്കെ നിശ്ചിത സമയത്തിലും മുൻപേ ലഭ്യമാക്കാൻ ഉള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി കൂടുതൽ മെച്ചപ്പെടുത്താനും സ്കൂളുകളിൽ അടുക്കളത്തോട്ടം ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളും വിജയകരമായിട്ടുണ്ട് മന്ത്രി പറഞ്ഞു. അങ്ങാടിക്കൽ തെക്ക് സ്കൂളിനെ സിവിൽ സർവീസസ് ആക്കാദമി ഉൾപ്പെടെ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളാക്കി മാറ്റാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചുകൊണ്ട് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ചടങ്ങിൽ ചെങ്ങന്നൂർ നഗരസഭ ചെയർപേഴ്സൺ സൂസമ്മ എബ്രഹാം, ചെങ്ങന്നൂർ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീദേവി ബാലകൃഷ്ണൻ, കെ.എസ്.സി.എം.എം.സി. ചെയർമാൻ എം.എച്ച്. റഷീദ്, ഹയർസെക്കൻഡറി റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർ കെ.ആർ. ഗിരിജ, അങ്ങാടിക്കൽ തെക്ക് രാമൻ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ എസ്. ശ്രീജ, പിടിഎ പ്രസിഡണ്ട് പി.ഡി. സുധീഷ് കുമാർ എന്നിവർ സംസാരിച്ചു.



# മെഷിനറി എക്സ്പോയ്ക്ക് മാർച്ച് 11 ന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന വ്യവസായ യന്ത്ര പ്രദർശന മേള 'മെഷിനറി എക്സ്പോ 2023' മാർച്ച് 11ന് കൊച്ചി യിൽ തുടങ്ങും. എക്സ്പോയുടെ അഞ്ചാമത് എഡിഷനാണ് കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ നാല് ദിവസങ്ങളിലായി നടക്കുന്നത്. 11ന് രാവിലെ 10 :30 ന് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം.പി, തൃക്കാക്കര എംഎൽഎ ഉമതോമസ് , കൊച്ചി കോർപ്പറേഷൻ മേയർ എം അനിൽകുമാർ തുടങ്ങിയവർ പങ്കെടുക്കും.ഓരോ സംരംഭകനേയും പുതിയ സാധ്യതകൾ പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോ ടെയാണ് മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നത്. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള ഇരുന്നൂറോളം യന്ത്ര നിർമാതാക്കൾ ഒരു കുടക്കീഴിൽ അണിനിരക്കുന്നു എന്നതാണ് മെഷിനറി എക്സ്പോയുടെ പ്രത്യേകത. നാലപ്പത്തിനായിരം ചതുരശ്ര അടി വിസ്തീർണമുള്ള ശീതീകരിച്ച പവലിയനാണ് എക്സ്പോയ്ക്കായി ഒരുക്കുന്നത്.ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന് കേരളത്തിന്റെ വലിയ ലക്ഷ്യപൂർത്തീകരണ വേളയിൽ മെഷിനറി എക്സ്പോ സംരംഭ കർക്ക് ഒട്ടനവധി സാധ്യതകളാണ് തുറന്നിടുന്നത്. വിവിധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യയും യന്ത്രങ്ങളും സംരംഭകർക്ക് ഗുണകരമാകുംവിധം അവതരിപ്പിക്കുകയാണ് മേളയുടെ ലക്ഷ്യം. കാർഷികാധിഷ്ഠിതം, ഭക്ഷ്യ സംസ്ക്കരണം, പാക്കേജിംഗ്, ജനറൽ എഞ്ചിനീറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, മരാധിഷ്ഠിത വ്യവസായം, റബ്ബർ ആന്റ് പ്ലാസ്റ്റിക്, ഫൂട്ട് വെയർ, പ്രിൻറിംഗ്, ഫാർമസ്യൂട്ടിക്കൽ, ആയുർവ്വേദ ആന്റ് ഹെർബൽ, അപ്പാരൽ, വേസ്റ്റ് മാനേജ്മെൻറ് തുടങ്ങിയ മേഖലക ളിലെ നൂതന യന്ത്ര സാമഗ്രികളാണു മേളയിൽ പ്രദർശിപ്പിക്കുന്നത്.വീട്ടാവശ്യങ്ങൾക്കും ഹോട്ടലുകൾക്കും വേണ്ട പാചക യന്ത്രങ്ങൾ മുതൽ വിവിധതരം ഗാർഹിക യൂണിറ്റുകൾക്കും, കുടുംബശ്രീ, കുടിൽ വ്യവസായം, ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങൾക്കും ആവശ്യമായ യന്ത്രങ്ങളും സാങ്കേതികവിദ്യയും അണിനിരത്തിയാണ് യന്ത്ര പ്രദർശനമേള സംഘടിപ്പിക്കുന്നത്.

# ബ്രഹ്മപുരത്തെ വിഷപ്പുക ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും: ഐ.എം.എ കൊച്ചി

കൊച്ചി : ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റിലെ തീപിടുത്തത്തെ തുടർന്നുള്ള പുക ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾക്കു വഴിയൊരുക്കാൻ സാധ്യതയുണ്ടെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) കൊച്ചി ഘടകം. ദീർഘകാല അടിസ്ഥാനത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഇപ്പോൾ പ്രവചിക്കാൻ സാധ്യമല്ലെങ്കിലും പുകയുടെ തോതും ദൈർഘ്യവും എത്രത്തോളം കുറയ്ക്കാൻ സാധിക്കുന്നുവോ അത്രയും ഭാവി സുരക്ഷിതമാകും. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള ശാശ്വത നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും അല്ലെങ്കിൽ പ്രവചിക്കാനാവാത്ത വിധത്തിലുള്ള പ്രത്യാഘാതങ്ങളായിരിക്കാം ആരോഗ്യമേഖലയ്ക്ക് നേരിടേണ്ടി വരികയെന്നും ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എസ്.ശ്രീനിവാസ കമ്മത്ത്, സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ എന്നിവർ പറഞ്ഞു. ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റിൽ വൻ തോതിൽ നിക്ഷേപിച്ചിട്ടുള്ള പല ഇനം പ്ലാസ്റ്റിക് മാലിന്യം കത്തുമ്പോൾ പുകയ്ക്കൊപ്പം ആരോഗത്തിന് ഹാനികരമാകുന്ന വിധത്തിലുള്ള നിരവധി വാതകങ്ങളും ഇതിൽ നിന്നും പുറത്തേയ്ക്ക് വമിക്കുന്നുണ്ട്. ഇവ അന്തരീക്ഷത്തിൽ ലയിച്ച് ഏറെ ദൂരം വരെ സാന്നിധ്യം അനുഭവപ്പെടുന്ന സാഹചര്യമുണ്ട്. പ്ലാന്റിന്റെ സമീപ പ്രദേശങ്ങളിലെ ജനങ്ങൾ പുക ശ്വസിച്ച് ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചുമ, ശ്വാസം മുട്ട്, കണ്ണുനീറ്റൽ, ഛർദ്ദി, ക്ഷീണം, കയ്പ്പുരസം, തലവേദന മുതലായ ലക്ഷണങ്ങളോടെ സമീപവാസികൾ ചികിൽസ തേടുന്നുണ്ടെങ്കിലും ഇവരിൽ മിക്കവർക്കും തന്നെ ആശുപത്രി അഡ്മിഷൻ വേണ്ടി വന്നിട്ടില്ല. അതേ സമയം, ആസ്തമ, സിഒപിഡി പോലുള്ള ശ്വാസകോശ രോഗം ഉള്ള ചില രോഗികൾ പുക ശ്വസിക്കുന്നതുമൂലം സ്ഥിതി വഷളാകുന്ന സാഹചര്യത്തെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റാകുന്നുണ്ട്.എൻ 95 പോലുള്ള മാസ്കുകൾ പൊടിപടലങ്ങൾ, അന്തരീക്ഷത്തിലെ ചെറു കണങ്ങൾ (ൂമൃശേരൗഹമലേ ാമലേൃ) എന്നിവ തടയുമെങ്കിലും ഇവ വാതകങ്ങളെ പ്രതിരോധിക്കില്ല.പുകയിൽ അടങ്ങിയിരിക്കുന്ന കാർബൺ അടക്കമുള്ള രാസപദാർഥങ്ങൾ, വാതകങ്ങൾ എന്നിവ പരിസ്ഥിതിയെ ബാധിക്കും. ഇവ ജലസ്രോതസ്സുകളിലും, കൃഷിസ്ഥലങ്ങളിലും ക്രമേണ പതിക്കുമ്പോൾ പിന്നീട് ഭക്ഷണം, കുടിവെള്ളം എന്നിവയിലൂടെ മനുഷ്യരിൽ എത്തിച്ചേരാനുള്ള സാധ്യതയുണ്ടെന്നും ആ സാഹചര്യത്തെ ഫലപ്രദമായി പ്രതിരോധിക്കണമെന്നും ഐ.എം.എ സയന്റിഫിക്ക് അഡ്വൈസർ ഡോ.രാജീവ് ജയദേവൻ പറഞ്ഞു.വിഷപ്പുക അണയ്ക്കാൻ നേതൃത്വം നൽകുന്ന അഗ്നിശമന സേനാംഗങ്ങൾ, പോലീസ് മറ്റ് സന്നദ്ധ പ്രവർത്തകർക്ക് മെഡിക്കൽ പരിശോധനയും മറ്റും നടത്താൻ ഐ.എം.എ കൊച്ചി തയ്യാറാണെന്നും ഭാരവാഹികൾ വ്യക്തമാക്കി.

# ലോക നിലവാരത്തിലുള്ള അനലൈസർ മെഷീൻ സജ്ജമാക്കി എറണാകുളം മെഡിക്കൽ കോളജ്



**കളമശ്ശേരി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ബയോ കെമിസ്ട്രി വിഭാഗത്തിൽ അത്യാധുനിക ലോകോത്തര നിലവാരത്തിലുള്ള ഫുള്ളി ഓട്ടോമാറ്റിക് ക്ലിനിക്കൽ കെമിസ്ട്രി അനലൈസർ മെഷീൻ പ്രവർത്തന യോഗ്യമാക്കി. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഈ മെഷീൻ കേരളത്തിൽ സ്ഥാപിക്കുന്ന ആദ്യ സർക്കാർ മെഡിക്കൽ കോളേജാണ് എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്.ലോകത്തിലെവിടയും അംഗീകരിക്കപ്പെടുന്ന ടെസ്റ്റ് നിലവാരം ഈ മെഷീനുണ്ട്.ഒരു മണിക്കൂറിൽ 1300 ടെസ്റ്റുകൾ ചെയ്യാൻ കഴിയും. ഡുവൽ സ്ലൈഡ് ടെക്കോളജിയാണ് മെഷീൻ നടത്തുന്നത് എല്ലാ വിധ ഹോർമോൺ ടെസ്റ്റുകളും 25 മിനിറ്റിനുള്ളിൽ ലഭ്യമാണ് റുട്ടീൻ ബയോ കെമിസ്ട്രി ടെസ്റ്റുകളായ ഷുഗർ, കൊളെസ്ട്രോൾ, എൽ.എഫ്. ടി, ആർ. എഫ്. ടി എന്നീ ടെസ്റ്റുകൾ അഞ്ച് മിനിട്ടുകൊണ്ട് അറിയാനാകും ക്യാൻസർ രോഗികൾക്കുള്ള ടെസ്റ്റുകളും ഈ മെഷീൻ കൊണ്ട് സാധ്യമാകും. അതിവേഗത്തിൽ സാമ്പിളുകൾ നിർണയം നടത്താൻ കഴിവുള്ള ഈ മെഷീൻ ഏറ്റവും മികച്ച റിസൾട്ട് തരുന്നതോടൊപ്പം തന്നെ കണ്ടാമിനേഷൻ ഇല്ലാതാക്കുകയും ചെയ്യുന്നു.എല്ലാമാസത്തിലും കൃത്യമായ ഗുണനിലവാരം ചെക്ക് ചെയ്യുന്നതിന് സിഎംസി വെല്ലൂർ ആശുപത്രിയുമായി ചേർന്ന് ടെസ്റ്റുകൾ വിലയിരുത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു.1.8കോടി വിലമതിക്കുന്ന ഈ മെഷീൻ റീഏജന്റ് കരാർ അടിസ്ഥാനത്തിൽ ഇ ടെൻഡർ വിളിച്ചാണ് സ്ഥാപിച്ചിരിക്കുന്നത്. അമേരിക്കൻ കമ്പനിയായ ഓർത്തോ ക്ലിനിക്കൽ ഡിയഗ്നോസ്റ്റിക്സ് നിർമിച്ചതാണ് ഈ മെഷീൻ കൂടാതെബാക്ക്അപ് സൗകര്യാർത്ഥം ഒരു സപ്പോർട്ടിങ് മെഷീൻ കൂടി പ്രവർത്തിക്കുന്നുണ്ട്.മെഷീൻ കൊണ്ടുള്ള വരുമാനം ആശുപത്രി വികസന സമിതിക്കു ലഭിക്കുന്നതാണ്.ആയിരക്കണക്കിന് ടെസ്റ്റുകൾ ദൈനംദിനം നടത്തുന്ന മെഡിക്കൽ കോളേജിൽ ഇത്തരത്തിലുള്ള മെഷീൻ ഏറെ ഉപയോഗപ്രദമാണ്. മെഡിക്കൽ കോളേജിൽ ചികിത്സക്കെത്തുന്ന ഓരോരുത്തർക്കും ഗുണനിലവാരമുള്ള ചികിത്സ ഉറപ്പാക്കുക എന്നതാണ് മെഡിക്കൽ കോളേജിന്റെ വളർച്ചയുടെ പാതയിലെ പ്രധാന ലക്ഷ്യമെന്നു മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അറിയിച്ചു.

# ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ –കാർക്കിനോസ് ഹെൽത്ത് കെയർ ഒന്നാം വാർഷിക ആഘോഷം ഇന്ന്

കൊച്ചി: കാൻസർ ചികിത്സാ രംഗത്തെ മുൻനിരക്കാരായ കാർക്കിനോസ് ഹെൽത്ത് കെയർ കാൻസർ നിർമ്മാർജ്ജന യജ്ഞത്തിനായി കച്ചേരിപ്പിടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയുമായി കൈകോർത്തിട്ട് ഒരു വർഷം പിന്നിടുന്നു. നേരത്തേ കണ്ടുപിടിച്ചാൽ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗമായ കാൻസറിനെ സമൂഹത്തിൽ നിന്നും നിർമ്മാർജനം ചെയ്യാനായി കഴിഞ്ഞ ഒരു വർഷക്കാലമായി വിവിധ സംഘടനകളുമായി സഹകരിച്ച് എറണാകുളം ജില്ലയിലുടനീളം സൗജന്യ കാർസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. ശ്രീ സുധീന്ദ്ര കാർക്കിനോസ് സംയുക്ത സംരംഭത്തിന്റെ ഒന്നാം വാർഷിക ആഘോഷം ഇന്ന് രാവിലെ സുധീന്ദ്ര ആശുപത്രിയിൽ രാവിലെ 10.30ന് ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്യും. ആശുപത്രി പ്രസിഡന്റ് രത്നാകര ഷേണായ് അധ്യക്ഷത വഹിക്കും.ജനറൽ സെക്രട്ടറി മനോഹർ വി.പ്രഭു, കാർക്കിനോസ് ഹെൽത്ത്കെയർ മെഡിക്കൽ ഡയറക്ടറും സി.ഇ.ഒയുമായ ഡോ. മോനി ഏബ്രഹാം കുര്യാക്കോസ് , ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ.ജുനൈദ് റഹ്മാൻ, എറണാകുളം പ്രസ്ക്ലബ്ബ് പ്രസിഡന്റ് എം.ആർ ഹരികുമാർ,ഡോ.സൗരഭ്,ഡോ.രാമാനന്ദ പൈ,ഡോ.ആൻജല എന്നിവർ സംസാരിക്കും.

## വിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റും മാർച്ച് 31 വരെ നൽകാം

**കൊച്ചി:** പത്രപ്രവർത്തക പത്രപ്രവർത്തക ഇതര പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ വെബ്സൈറ്റിൽ പുതുക്കി ചേർക്കുന്നതിനുള്ള വിവരശേഖരണരേഖ പൂരിപ്പിച്ച് നൽകുന്നതിന് മാർച്ച് 31 വരെ സമയം അനുവദിച്ചതായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ടി.വി.സുഭാഷ് അറിയിച്ചു. വിവരശേഖരണരേഖയുടെ (പ്രൊഫോർമ) മാതൃക വകുപ്പിന്റെ വെബ്സൈറ്റിലു്. 2022 ഡിസംബർ വരെ പെൻഷൻ അനുവദിച്ച എല്ലാ വിഭാഗത്തിലുള്ള പെൻഷണർമാരും നേരിട്ടോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികൾ വഴിയോ പ്രൊഫോർമ പ്രകാരം ആവശ്യമായ രേഖകളും വിവരങ്ങളും മാർച്ച് 31നകം ജില്ല ഇൻഫർമേഷൻ ഓഫീസിൽ നൽകണം. ജില്ലയിൽ 2021 ഡിസംബർ വരെ പെൻഷൻ ലഭിച്ചവർ (ആശ്രിത /കുടുംബ പെൻഷൻകാർ ഉൾപ്പെടെ എല്ലാ വിഭാഗക്കാരും) ഇതിനകം ലൈഫ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെങ്കിൽ 2023 മാർച്ച് 31നകം ജില്ല ഇൻഫർമേഷൻ ഓഫീസിൽ ലഭ്യമാക്കണം. ഇതിൽ വീഴ്ച വരുത്തുന്നവരുടെ പെൻഷൻ വിതരണം 2023 ജൂലൈ മുതൽ താൽക്കാലികമായി നിർത്തിവയ്ക്കും.

## സ്വയം പ്രതിരോധമുറ പഠനം;ഇന്നും നാളെയും പോലിസ് വാക്ക് ഇൻ ട്രെയിനിങ്

**കൊച്ചി:** അതിക്രമങ്ങൾ നേരിടുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കും പോലീസിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയും എറണാകുളത്ത് സൗജന്യ പരിശീലനം നൽകും. സ്വയം പ്രതിരോധ മുറകളിൽ പ്രത്യേക പരിശീലനം നേടിയ വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് ജ്വാല എന്ന പേരിലുള്ള വാക്ക് ഇൻ ട്രെയിനിങ് നൽകുന്നത്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായാണ് പരിശീലനം.ഹൈക്കോടതിക്ക് സമീപമുള്ള ട്രാഫിക് വെസ്റ്റ് എൻഫോഴ്സ്മെന്റ് യൂണിറ്റ് ഓഡിറ്റോറിയത്തിലും വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ഹാളിലുമാണ് പരിശീലനം. ദിവസേന നാലു ബാച്ചുകളിലായി നടക്കുന്ന പരിശീലനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും പങ്കെടുക്കാം. താൽപര്യമുള്ളവർ shorturl.at/eBVZ4 എന്ന ലിങ്കിൽ പ്രവേശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം.കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ 2015 ൽ ആരംഭിച്ച സ്വയം പ്രതിരോധ പരിശീലന പരിപാടിയിലൂടെ ഇതുവരെ ലക്ഷക്കണക്കിന് സ്ത്രീകളും കുട്ടികളും സ്വയം പ്രതിരോധ മുറകളിൽ പരിശീലനം നേടിയിട്ടു്. എല്ലാ ജില്ലകളിലും നാല് വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് പരിശീലനം നൽകുന്നത്. ജനമൈത്രി സുരക്ഷാപദ്ധതിയുടെ കീഴിൽ നൽകുന്ന ഈ പരിശീലനം തികച്ചും സൗജന്യമാണ്.താൽപര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തുടർന്നും പരിശീലനം നേടാവുന്നതാണ്. ഫോൺ : 04712318188.

# കർഷകർക്ക് വായ്പ പദ്ധതി: ഐടിസിയുമായി സഹകരിക്കാൻ ആക്സിസ് ബാങ്ക്

**കൊച്ചി:** ഐടിസിയുടെ കാർഷിക ഇക്കോ സിസ്റ്റത്തിന്റെ ഭാഗമായ കർഷകർക്ക് ബാങ്കിന്റെ വായ്പ പദ്ധതികളും സേവനങ്ങളും ലഭ്യമാക്കാനായി ആക്സിസ് ബാങ്ക് ഐടിസി ലിമിറ്റഡുമായി സഹകരിക്കും. ഈ പങ്കാളിത്തം വഴി രാജ്യത്തിന്റെ വിദൂര പ്രദേശങ്ങളിൽ ധനകാര്യസേവനം ലഭിക്കാത്ത കർഷകരുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുവാൻ സഹായിക്കുമെന്നും കാർഷിക വായ്പ, സ്വർണപ്പണയ വായ്പ തുടങ്ങി നിരവധി പദ്ധതികൾ ബാങ്ക് കർഷകർക്ക് ലഭ്യമാക്കുമെന്നും ആക്സിസ് ബാങ്ക് ഗ്രൂപ്പ് എക്സിക്യൂട്ടീവും ഭാരത് ബാങ്കിംഗ് മേധാവിയുമായ മുനിഷ് ശർദ പറഞ്ഞു.ഫുൾസ്റ്റാക്ക് അഗ്രിടെക് ആപ്ലിക്കേഷനായ ഐടിസിഎംഎഎആർഎസ് (മെറ്റാ മാർക്കറ്റ് ഫോർ അഡ്വാൻസ്ഡ് അഗ്രികൾച്ചറൽ റൂറൽ സർവീസസ്) വഴിയാണ് ആക്സിസ് ബാങ്ക് കർഷകരിലേക്ക് എത്തുകയും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുകയും ചെയ്യുന്നത്. കൂടാതെ രാജ്യത്തെ 656 ജില്ലകളിലുമുള്ള ബാങ്കിന്റെ ഗ്രാമീണനഗര, അർദ്ധ നഗര ശാഖകളിലൂടെ കർഷകർക്ക് വിപുലമായ ധനകാര്യ സേവനങ്ങളും പദ്ധതികളും ലഭ്യമാക്കും.22-23 സാമ്പത്തിക വർഷത്തിൽ പുതിയ അക്കൗണ്ടുകളുമായി ഭാരത് ബാങ്കിംഗ് തന്ത്രം കൂടുതൽ വിപുലീകരിക്കാൻ ആക്സിസ് ബാങ്ക് ലക്ഷ്യമിടുന്നു. 2022 ഡിസംബർ 31ലെ കണക്കനുസരിച്ച് ഗ്രാമീണ മേഖലയിലെ ബാങ്കിന്റെ വായ്പ മുൻവർഷത്തേക്കാൾ 27 ശതമാനം വർധന കാണിച്ചപ്പോൾ ഡിപ്പോസിറ്റ് 16 ശതമാനം ഉയർന്നു.ഈ പങ്കാളിത്തം വഴി ദശലക്ഷക്കണക്കിന് കർഷകരുമായി നല്ല ബന്ധം സ്ഥാപിക്കാനും അതുവഴി സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിൽ ഗണ്യമായ സംഭാവന നൽകാൻ കഴിയുമെന്നും മുനിഷ് ശർദ പറഞ്ഞു.കർഷകർക്ക് സമയോചിതമായി വായ്പ ലഭ്യമാക്കി കർഷകരെ ഗുണമേന്മയുള്ള ഇൻപുട്ടുകൾ വാങ്ങാൻ പ്രാപ്തരാക്കും ഇത് ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനും കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുമെന്ന് ഐടിസി ലിമിറ്റഡിൻറെ അഗ്രി ബിസിനസ് ഡിവിഷൻറെ ഡിവിഷണൽ ചീഫ് എക്സിക്യൂട്ടീവ് രജനികാന്ത് റായ് പറഞ്ഞു.

# 'എബിസിഡി' ചട്ടക്കൂടുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് സമഗ്രമായ 'എബിസിഡി' ചട്ടക്കൂടിനു രൂപം നൽകി. വൈവിധ്യമാർന്ന പ്രതിഭകളെ ആകർഷിക്കുക, നയങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ ജോലിസ്ഥലത്ത് അംഗത്വവും ഉൾപ്പെടുത്തലും വർധിപ്പിക്കുക , പിന്തുണാ നയങ്ങളും പ്ലാറ്റ് ഫോമുകളും നൽകി വിവിധ ഗ്രൂപ്പുകളിൽനിന്നുള്ള ജീവനക്കാരെ ബന്ധിപ്പിച്ചു നിർത്തുക , ലിംഗ വൈവിധ്യത്തിലെ പുരോഗതി നിരീക്ഷിച്ചു പ്രസിദ്ധീകരിക്കുക എന്ന 'എബിസിഡി' ചട്ടക്കൂടാണ് കമ്പനി അവതരിപ്പിച്ചിട്ടുള്ളതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് സീനിയർ വൈസ് പ്രസിഡൻറ് ഉർവി ഛായ പറഞ്ഞു.സ്ത്രീകളുടെ പ്രാതിനിധ്യം, വികലാംഗരുടെയും എൽജിബിടിക്യു വിഭാഗത്തിൽപ്പെട്ടവരുടെയും തൊഴിൽശക്തിയിലേക്കുള്ള സംയോജനം എന്നിവയുൾപ്പെടെ മൊത്തത്തിലുള്ള വൈവിധ്യം മെച്ചപ്പെടുത്താൻ കമ്പനി എബിസിഡി ചട്ടക്കൂടിലൂടെ ലക്ഷ്യമിടുന്നു. ഡി ആൻഡ് ഐ അജണ്ടയുടെ ഭാഗമായി കമ്പനി ഡൈവേഴ്സിറ്റി കൗൺസിലിന് രൂപം നൽകിയിട്ടുണ്ട്. മികച്ച ഫലമുണ്ടാക്കുന്നതിൻറെ ഉത്തരവാദിത്വം, ഭരണം, വൈവിധ്യ ശ്രമങ്ങളുടെ മേൽനോട്ടം ഉൾപ്പെടെയുള്ള ഡി ആൻഡ് ഐ അജണ്ട മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഉത്തരവാദിത്വം ഡൈവേഴ്സിറ്റി കൗൺസിലിനാണ്.

കമ്പനിയുടെ തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ പ്രോത്സാഹിപ്പിക്കുവാനും അവരുടെ കരിയറിൽ ദീർഘകാലത്തേക്ക് നിക്ഷേപം തുടരുന്നതിന് അവരെ പ്രേരിപ്പിക്കുവാനും ഈ നയങ്ങളിലൂടെ കമ്പനി ലക്ഷ്യമിടുന്നു. കൂടാതെ, ഉടമസ്ഥതയും ഉൾപ്പെടുത്തലും വർദ്ധിപ്പിക്കുന്നതിന്,ജീവനക്കാർക്കുള്ള കമ്പനിയുടെ നയത്തിൽ ലിംഗഭേദം ഒഴിവാക്കി. നയഭാഷയിൽ കുടുംബത്തിൻറെ നിർവചനം വിപുലീകരിക്കുകയും ചെയ്തു. മുമ്പ് ജീവിത പങ്കാളിയെന്നു മാത്രമാണ് കുടുംബത്തിൻറെ നിർവചനത്തിലുണ്ടായിരുന്നത്. പിന്നീടെ ഒരേ ലിംഗത്തിൽപ്പെട്ട പങ്കാളികളെ ഉൾപ്പെടുത്താനായി നിർവചനം വിപുലീകരിക്കുകയായിരുന്നു. ദത്തെടുക്കലും വാടക ഗർഭധാരണവുമായി ബന്ധപ്പെട്ട അവധികളും പുരുഷ ജീവനക്കാർ ഉൾപ്പെടെ എല്ലാ പ്രാഥമിക ശുശ്രൂഷകർക്കും ബാധകമാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ബിഹാർ സ്വദേശിയുടെ കേരള സ്റ്റാർട്ടപ്പിന് 40 ലക്ഷം രൂപ ധനസഹായം

കൊച്ചി: ബിഹാർ സ്വദേശിയായ സമീർദയാൽ സിംഗ് കേരളത്തിൽ ആരംഭിച്ച ഹംബിൾഎക്സ് സൊല്യൂഷൻസിന് കേരള സ്റ്റാർട്ടപ്പ് മിഷൻറെ സീഡിംഗ് കേരളയിലൂടെ 40 ലക്ഷം രൂപ ധനസഹായം ലഭിച്ചു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ(കുസാറ്റ്) പഠനത്തിന് ശേഷം 2018ലാണ് സമീർ ദയാൽ സിംഗ് തൻറെ സ്റ്റാർട്ടപ്പ് ഇവിടെ ആരംഭിച്ചത്.പൊതുശൗചാലയങ്ങൾ വൃത്തിയാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് മനസിലാക്കിയാണ് ഈ സോഫ്റ്റ് വെയർ കമ്പനി തുടങ്ങാൻ സമീർ തീരുമാനിച്ചത്. ശുചിമുറി നിരീക്ഷണ സോഫ്റ്റ് വെയറായിരുന്നു അവർ ആദ്യമായി വികസിപ്പിച്ചെടുത്തത്. ഹൗസ് കീപ്പിംഗ്, ഫെസിലിറ്റിമാനേജ്മൻറ്, ഉപഭോക്തൃ പ്രതികരണം എന്നീ വിഭാഗത്തിലുള്ള സോഫ്റ്റ്വെയർ സേവനങ്ങളാണ് ഹംബിൾഎക്സ് നൽകുന്നത്.ധനസഹായത്തിൻറെ 60 ശതമാനം പുതിയ പദ്ധതികൾക്കായി നീക്കിവയ്ക്കുമെന്ന് സമീർ പറഞ്ഞു. ക്രയശേഷി കൂട്ടുന്നതിനായാണ് ബാക്കി തുക നീക്കിവയ്ക്കുന്നതെന്നും ബിഹാറിലെ വാൽമീകി നഗർ സ്വദേശിയായ അദ്ദേഹം പറഞ്ഞു. 2013 മുതൽ 17 വരെയാണ് അദ്ദേഹം കുസാറ്റിൽ പഠിച്ചത്.മാർച്ച് ആറിന് നടന്ന സീഡിംഗ് കേരള സമ്മേളനത്തിൽ 18.4 കോടി രൂപയുടെ നിക്ഷേപ പ്രഖ്യാപനമാണ് നടന്നത്. അതിൽ ഗുരുഗ്രാം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജിഎസ്എഫ് എന്ന നിക്ഷേപകരാണ് ഹംബിൾഎക്സിന് 40 ലക്ഷം രൂപ നൽകുന്ന പ്രഖ്യാപനം നടത്തിയത്. ടിക്കറ്റ് വിൽപ്പന, ടാക്സ് ഡെലിഗേഷൻ, ദൃശ്യ റിപ്പോർട്ടിംഗ്, അനലിറ്റിക്സ് മാനേജ്മൻറ് എന്നിവയിലും പൊതു പ്രതികരണം, ലോഗ്ബുക്ക്, ഓട്ടോമേറ്റഡ് അപ്ഡേറ്റ്, നോട്ടിഫിക്കേഷൻ, മൾട്ടിപ്പിൾ യൂസർ, അനലിറ്റ്ക്സ്, ഉപഭോക്തൃ സേവനം എന്നീ വിഭാഗങ്ങളിലും ഹംബിൾഎക്സിന് ഉത്പന്നങ്ങളുണ്ട്.ഐടി ഉത്പന്നങ്ങൾക്ക് കെഎസ് യുഎം നൽകി വരുന്ന പിന്തുണയ്ക്ക് ശക്തിപകരുന്നതാണ് ജിഎസ്എഫിൻറെ നിക്ഷേപ പ്രഖ്യാപനമെന്ന് സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക പറഞ്ഞു. അടിസ്ഥാന സൗകര്യവും ബൗദ്ധിക പ്രതിഭാബലവും നമ്മുക്കുണ്ട്. നിക്ഷേപം കൂടി വരുന്നതോടെ കൂടുതൽ ശക്തമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ് വരാൻ പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര ഇലക്ട്രോണിക്സ്ഐടി മന്ത്രാലയത്തിന് കീഴിലുള്ള സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഇന്ത്യ നേരത്തെ ഹംബിൾഎക്സിൽ 40 ലക്ഷം രൂപയുടെ നിക്ഷേപ പ്രഖ്യാപനം നടത്തിയിരുന്നു. വമ്പൻ കമ്പനികളടക്കം നിലവിൽ ഹംബിൾഎക്സിൻറെ ഉപഭോക്താക്കളാണെന്ന് സമീർ പറഞ്ഞു. കൂടുതൽ കമ്പനികളുമായി ഉടൻ ധാരണയാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മികച്ച സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ അവാർഡ് : ഇന്ന് മുതൽ അപേക്ഷിക്കാം




കൊച്ചി: സംസ്ഥാനത്തെ മികച്ച സ്വകാര്യസ്ഥാപനങ്ങൾക്ക് തൊഴിൽവകുപ്പ് നൽകി വരുന്ന മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡിനും ,വജ്ര,സുവർണ അവാർഡുകൾക്കും ഇന്ന മുതൽ അപേക്ഷിക്കാം. ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ/ സ്റ്റാർ ഹോട്ടലുകൾ, ജ്വല്ലറികൾ,സെക്യൂരിറ്റി , ഐടി, നിർമ്മാണ സ്ഥാപനങ്ങൾ, ഓട്ടോമൊബൈൽ ഷോറൂമുകൾ, മെഡിക്കൽ ലാബുകൾ, സ്വകാര്യ ആശുപത്രികൾ, സൂപ്പർ മാർക്കറ്റുകൾ എന്നീ പതിനൊന്നു മേഖലകളിലെ ഇരുപതോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം. തൊഴിൽവകുപ്പിന്റെ വെബ്സൈറ്റായ www.lc.kerala.gov.in ൽ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അപേക്ഷയുടെ മാതൃകയും ചോദ്യാവലിയും വെബ്സൈറ്റിൽ ലഭ്യമാണ്.അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 16. കൂടുതൽ വിവരങ്ങൾക്ക് അതത് ജില്ലാ ലേബർ ഓഫീസുകളുമായോ അസി.ലേബർ ഓഫീസുകളുമായോ ബന്ധപ്പെടുക.എറണാകുളം ജില്ല:8547655267,04842423110


# യുടിഐ മാസ്റ്റർഷെയറിൻറെ ആസ്തി 10,312 കോടി രൂപ

**കൊച്ചി:** യുടിഐ മാസ്റ്റർഷെയർ യൂണിറ്റ് സ്കീം കൈകാര്യം ചെയ്യുന്ന ആസ്തി 10,312 കോടി രൂപയിലെത്തിയതായി 2023 ഫെബ്രുവരി 28ലെ കണക്കുകൾ സൂചിപ്പിക്കുന്നു. 7.60 ലക്ഷത്തിലേറെ സജീവ നിക്ഷേപകരും പദ്ധതിക്കുണ്ട്. 1986ൽ ആരംഭിച്ച ഇന്ത്യയിലെ ആദ്യ ഓഹരി അധിഷ്ഠിത നിക്ഷേപ പദ്ധതി കൂടിയായ യുടിഐ മാസ്റ്റർഷെയർ യൂണിറ്റ് സ്കീം 15.32 ശതമാനം സംയോജിത നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. അടിസ്ഥാന സൂചിക 14.03 ശതമാനം നേട്ടം കൈവരിച്ചിട്ടുള്ള പശ്ചാത്തലത്തിലാണിത്. പദ്ധതി ആരംഭിച്ചപ്പോൾ നിക്ഷേപിച്ച 10 ലക്ഷം രൂപ ഇപ്പോൾ 17.91 കോടി രൂപയായി വളർന്നിട്ടുണ്ട്. ലാർജ് ക്യാപ് വിഭാഗത്തിൽ പെടുന്ന ഈ പദ്ധതിക്ക് പ്രമുഖ മുന്നിര കമ്പനികളിലെല്ലാം നിക്ഷേപമുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു

SREE SUDHEENDRA MEDICAL MISSION
(Chief Patron:H.H.SAMYAMINDRA THIRTHA SWAMIJI OF SHREE KASHI MATT SAMASTHAN)
CHITTOOR ROAD, ERNAKULAM, KOCHI-18
Call: 0484-4077 400, 4077 455, 3512123
കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഇനി മുതൽ താഴെ പറയുന്ന ഡോക്ടർമാരുടെ വിദഗ്ദ സേവനം ലഭ്യമാണ്
CONSULTANT INTERNAL MEDICINE:
ഡോ. ജോർജ്ജ് കെ ആന്റണി MBBS, MD
CONSULTANT PAEDIATRICIAN:
ഡോ. ആശ ബാബു MBBS, DCH, DNB (Paediatric)
OPTHALMOLOGIST:
ഡോ. അഞ്ജു കുര്യാക്കോസ് MBBS,MS,FAEH, Medical Retina & Uveitis Specialist
SENIOR CONSULTANT RHEUMATOLOGY:
കേണൽ. ഡോ. വിശാൽ മർവ്വ MD, DNB, MNAMS
CONSULTANT DERMATOLOGY VENEROLOGY, LEPROLOGY:
ഡോ. ആൻസി ചാക്കോ MBBS, MD
5 decades of affordable quality healthcare

# രാഷ്ട്രീയ  സാമൂഹ്യ വിമർശന ശരങ്ങൾ തൊടുത്ത് ബിനാലെയിൽ മാർട്ടയുടെ അവതരണം

**കൊച്ചി:** അധികാര ദുർവിനിയോഗം, ഭരണകൂടത്തിന്റെ പക്ഷപാതിത്വം, തൊഴിലില്ലായ്മ, തൊഴിലാളികളുടെ അരക്ഷിതാവസ്ഥ, ലിംഗാധിഷ്ഠിത വിവേചനം, സദാചാര മൂല്യങ്ങൾ, മുതലാളിത്തം,വർധിതമാകുന്ന അസമത്വം, പ്രതിഷേധം  തുടങ്ങിയ വിഷയങ്ങൾ പ്രമേയമായ നിശിതമായ രാഷ്ട്രീയ   സാമൂഹ്യ വിമർശനമാണ് ഫിൻലൻഡിൽ നിന്നുള്ള ആർട്ടിസ്റ്റ് മാർട്ട റ്റുഒമാലയുടെ ബിനാലെയിലെ വീഡിയോ ഇൻസ്റ്റലേഷൻ.  തമോഹാസ്യത്തിൽ അവതരിപ്പിക്കുന്ന 'ഫിൻസൈക്ലിംഗ് സൊളമി  പേർകെലെ !' (എശിിഇ്യരഹശിഴടീൗ ാശജലൃസലഹല!)എന്ന വീഡിയോ രചിച്ചു സംവിധാനം ചെയ്തതും രംഗത്തെത്തുന്നതും മാർട്ട തന്നെ. ഫിൻലൻഡിന്റെ ഇരുണ്ട പുറങ്ങളിലേക്ക് ഇത് ഊളിയിട്ടിറങ്ങുന്നു. ഒപ്പം മറ്റെവിടെയുമുള്ള സമാന സാഹചര്യങ്ങളുമായി പ്രേക്ഷകരെ ബന്ധിപ്പിക്കുകയും അവബോധമുണ്ടാക്കുകയും ചെയ്യുന്നു.'പെർകെലെ' എന്നത് പിശാചിനെക്കുറിച്ച് ഫിന്നിഷ് ഭാഷയിലെ നിന്ദാവചനമാണ്. ഫിൻലൻഡിനെക്കുറിച്ച് ഫിനിഷിൽ പറയുന്ന വാക്കാണ് സുഒമി  ൌീാശ. ഈ വാക്കിൽ ചെറിയ മാറ്റം വരുത്തി സൊളമി  ടീൗാശ എന്നാണ്  മാർട്ട കലാവിഷ്കാരത്തിനു ശീർഷകം നൽകിയിരിക്കുന്നത്. സൊഉമി എന്നാലർത്ഥം 'പരിപൂർണ്ണമായ ഇല്ലായ്മ'. ഇങ്ങനെ ശീർഷകം തൊട്ടേ ആരംഭിക്കുന്നു മാർട്ടയുടെ സൃഷ്ടിയിലെ ആക്ഷേപഹാസ്യവും വിമർശനവും. വീഡിയോയിലെ ഇൻഡോർ സൈക്ളിംഗ് തന്റെ ആശയത്തിന് മൂർത്തരൂപം നൽകാൻ സമർത്ഥമായി വിനിയോഗിച്ചിരിക്കുകയാണ് മാർട്ട. വീഡിയോയിൽ പ്രത്യക്ഷപ്പെടുന്ന മാർട്ട സൈക്കിൾ തുടരെ ആഞ്ഞാഞ്ഞു ചവിട്ടുന്നു. വിയർത്തു കുളിക്കുന്നതല്ലാതെ ഒട്ടും മുന്നോട്ടുനീങ്ങുന്നില്ല. രാഷ്ട്രീയ സാമൂഹ്യ രംഗത്തെ അസഹ്യവസ്ഥകൾ പ്രതിഫലിപ്പിക്കുന്നതിനൊപ്പം കറുത്തഹാസ്യത്തിന്റെ കുന്തമുനകളും ചേർന്ന കടുത്ത വിമർശനം ഇതിൽ ഉന്നയിക്കുന്നു.അഴിമതിക്കും തെറ്റായ വികസനത്തിനും നേർക്ക് ചാട്ടുളി പോലെ പാഞ്ഞെത്തുകയാണ് മാർത്തയുടെ ആവിഷ്കാരത്തിലെ ആശയങ്ങൾ. 2017 ൽ ഫിൻലൻഡിന്റെ ശതാബ്ദി വേളയിൽ ഇത് ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി.തനിക്ക് ഏറ്റവും പ്രിയപ്പെട്ട മാധ്യമം  വീഡിയോയാണെന്ന് മാർട്ട പറഞ്ഞു. കൊച്ചി ബിനാലെയിൽ പ്രദർശനത്തിന് വച്ചശേഷം നിരവധി പോസിറ്റീവ് പ്രതികരണങ്ങൾ ലഭിച്ചു. കലാവതരണം പ്രദർശിപ്പിക്കുന്ന ഇടം പ്രധാനപ്പെട്ടതാണെന്നും അവർ ചൂണ്ടിക്കാട്ടി.




# ലോക വൃക്ക ദിനാചരണം സംഘടിപ്പിച്ചു

**കളമശ്ശേരി:**എറണാകുളം സർക്കാർ മെഡിക്കൽ കോളജിൽ ലോക വൃക്ക  ദിനാചരണം സംഘടപ്പിച്ചു.മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. രശ്മി രാജൻ ഉദ്ഘാടനം ചെയ്തു.മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അധ്യക്ഷത വഹിച്ചു.ഡോ. ബിജു കെ. ഗോപിനാഥ്, ഡോ. അനിൽ കുമാർ, ഡോ. ജേക്കബ് കെ ജേക്കബ്, നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ശ്രീദേവിഅമ്മ സി,ഡോ.അരുൺ,നേഴ്സിംഗ് സൂപ്രണ്ട് ഉഷ കുമാരി, വൃക്ക രോഗ വിഭാഗം മേധാവി ഡോ. ഉഷ സാമുവൽ എന്നിവർ പ്രസംഗിച്ചു..എല്ലാവർക്കും ആരോഗ്യകരമായ വൃക്ക, പെട്ടെന്നുണ്ടാകുന്ന വൃക്ക രോഗത്തെ ചെറുത്തു നിർത്തുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്യുക എന്ന ഈ വർഷത്തെ വൃക്ക ദിന സന്ദേശത്തെ മുൻനിർത്തികൊണ്ടുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.വൃക്ക രോഗവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്കിറ്റ് അവതരണവും തീവ്ര വൃക്ക രോഗികളുമായുള്ള  ജീവനക്കാരുടെ  അനുഭവം പങ്കുവക്കലും നടത്തി. വൃക്ക രോഗത്തെ സംബന്ധിച്ചു നടത്തിയ പ്രബന്ധ മത്സരത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.24 മണിക്കൂർ പ്രവർത്തന സജ്ജമായിട്ടുള്ള മെഡിക്കൽ കോളേജിന്റെ ഏറ്റവും മികച്ച ഡയാലിസിസ് യൂണിറ്റുകളിൽ കോവിഡ് രോഗികൾക് വേണ്ടിപ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ഡയാലിസിസ് സംവിധാനവും ഒരുക്കിയിട്ടുണ്ടെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അറിയിച്ചു.

## ഹൈഡ്രോപോണിക്സ് ഗാർഡനർ കോഴ്സ്

# ആധുനിക കൃഷി രീതി പഠനവുമായി അസാപ് കേരള

- പഠിക്കാൻ താൽപര്യമുള്ള ആർക്കും കോഴ്സിൽ ചേരാം
- 100 മണിക്കൂറാണ് കോഴ്സിന്റെ ദൈർഘ്യം
- ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്  ആൻഡ് ടെക്നോളോജിയാണ്  പരിശീലകർ

**കൊച്ചി:** മണ്ണില്ലാതെ ചെടികൾ വളർത്തുന്ന ആധുനിക കൃഷിരീതിയാണ് ഹൈഡ്രോപോണിക്സ്. വേരുകൾ ഒരു ധാതു പോഷക മിശ്രിതത്തിൽ വളർത്തുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. വാണിജ്യാടിസ്ഥാനത്തിൽ വലിയ സാദ്ധ്യതകൾ ഉള്ള ഈ കൃഷി രീതി അവലംബിക്കുന്നതിനു സാങ്കേതികവും പ്രായോഗികവുമായ പരിശീലനം ആവശ്യമാണ്. കേരളത്തിൽ സജീവമായിക്കൊണ്ടിരിക്കുന്ന ഈ കൃഷി രീതിയിൽ സംരംഭകത്വ സാധ്യതകളും ഹൈഡ്രോപോണിക്സ് ഗാർഡനർ ജോലി അവസരങ്ങളും മുൻനിർത്തി അസാപ് കേരളയിൽ ഹൈഡ്രോപോണിക്സ് ഗാർഡനർ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. പഠിക്കാൻ താൽപര്യമുള്ള ആർക്കും ഈ കോഴ്സിൽ ചേരാം. ഹൈഡ്രോപോണിക് കൃഷി രീതിയുടെ സജ്ജീകരണവും പരിപാലനവും, കീടങ്ങളെയും രോഗങ്ങളെയും തിരിച്ചറിഞ്ഞു നിയന്ത്രിക്കുക, സംരംഭക കഴിവുകൾ വികസിപ്പിക്കുക, വിളവെടുപ്പിനു ശേഷമുള്ള വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക തുടങ്ങിയ കാര്യങ്ങൾ കോഴ്സിന്റെ ഭാഗമായി പഠിക്കാം.100 മണിക്കൂറാണ് കോഴ്സിന്റെ ദൈർഘ്യം. ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളോജിയാണ് കോഴ്സിന്റെ പരിശീലകർ.

ADDITIONAL SKILL ACQUISITION PROGRAMME asap

കോഴ്സ് ഫീസ് 12980 രൂപയാണ്. കാനറ ബാങ്കിന്റെയും കേരള ബാങ്കിന്റെയും സോഫ്റ്റ് സ്കിൽ ലോൺ സൗകര്യവും ഈ കോഴ്സിനുണ്ടാകും. കേരളത്തിലെ അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലാകും കോഴ്സ് നടത്തുക. ഈ മാസം 31 വരെ കോഴ്സിന് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: https://asapkerala.gov.in/

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663